(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി, തൊടുപുഴ
തീയതി :14.06.2017

നം.കെ.എസ്.എ.ഐ.ഡി.കെ. 11/734/2017

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

ബൈസൺവാലി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം: ബൈസൺവാലി ഗ്രാമപഞ്ചായത്ത് - 2016-17 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ബൈസൺവാലി ഗ്രാമപഞ്ചായത്തിന്റെ 2016-2017 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ 2-1മുതൽ 2-5 വരെയുള്ള ഖണ്ഡികകളിലേയ്ക്കും ഭാഗം 3ലെ 3-1,3-2,3-3 എന്നീ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :
1)കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ
3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-ഐ.ഡി.കെ- 11/734/2017 തീയതി: 14.06.2017

# ഇടുക്കി ജില്ലയിലെ ബൈസൺവാലി ഗ്രാമപഞ്ചായത്തിന്റെ 2016-2017 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം- വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ ബൈസൺവാലി ഗ്രാമപഞ്ചായത്തിന്റെ 2016-2017 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 26.09.2016 മുതൽ 31.05.2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 4 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4 എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) <u>ഓഡിറ്റ് നടത്തിയതിന്റെ വിവരം</u>

| | | | |
|---|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | ശ്രീമതി.സിനി.എം.വി,<br>ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 01.06.2017 മുതൽ<br>07.06.2017 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | ശ്രീ.എം.റ്റി സോമൻ | ഓഡിറ്റ് ഓഫീസർ |
| | | ശ്രീ.ജോസഫ് ചാക്കോ | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | | ശ്രീ.സാമുവൽരാജ്.ആർ | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | | ശ്രീ.ബെന്നിമാത്യു | സീനിയർ ഗ്രേഡ് ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.മഞ്ജു ജെയിൻ | 01.04.16മുതൽ 31.03.17 വരെ |
| സെക്രട്ടറി | ശ്രീ.ജോസ്.റ്റി.എസ്. | 01.04.16 മുതൽ 15.06.16 വരെ |
| | ശ്രീ.റോയ് മാത്യു ചാക്കോ | 16.06.16 മുതൽ 10.08.16 വരെ |
| | ശ്രീ.പി.എൻ സുരേന്ദ്രൻ നായർ | 11.08.16 മുതൽ 31.03.17 വരെ |
| <u>മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥർ</u> | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| അസി.എഞ്ചിനിയർ | ശ്രീ.എം.അനന്തകൃഷ്ണൻ | 01.04.16മുതൽ 31.03.17 വരെ |
| കൃഷി ആഫീസർ | ശ്രീ.രാജേഷ്.പി.ജെ. | 01.04.16മുതൽ<br>04.01.17 വരെ |
| | ശ്രീമതി.ജയന്തി.ജെ. നിരഞ്ജന | 05.01.17മുതൽ<br>31.03.17 വരെ |
| വി.ഇ.ഒ | ശ്രീ.സുനിൽ എം.എസ്. | 01.04.16മുതൽ 31.01.17 വരെ |
| | ശ്രീ.റിക്സൺ ജോർജ്ജ് | 01.02.17മുതൽ 31.03.17 വരെ |

| | | |
|---|---|---|
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി.പുഷ്പലത | 01.04.16മുതൽ 19.07.16 വരെ |
| | ശ്രീമതി.ഷിജിമോൾ | 20.07.16മുതൽ 31.03.17 വരെ |
| മെഡിക്കലാഫീസർ (പി.എച്ച്.സി) | ഡോ.ശാലിനി ബാലചന്ദ്രൻ | 01.04.16മുതൽ 31.03.17 വരെ |
| മെഡിക്കലാഫീസർ (ആയ്യുർവ്വേദം) | ഡോ.രഹന. വി.കെ. | 01.04.16മുതൽ 31.03.17 വരെ |
| വെറ്ററിനറി സർജൻ | ഡോ.പിച്ചൈ മുരുകൻ | 01.04.16മുതൽ 31.03.17 വരെ |
| ഹെഡ് മാസ്റ്റർ | ശ്രീ.റ്റി.ശ്രീകുമാർ | 01.04.16മുതൽ 20.06.16 വരെ |
| | ശ്രീ.ജയകുമാർ | 21.06.16 മുതൽ 09.08.16 വരെ |
| | ശ്രീമതി.ഷീല.സി.ജെ | 10.08.16മുതൽ 31.03.17 വരെ |
| ഡയറിഫാംഇൻസ്പെക്ടർ | ശ്രീ.പൈലി കെ.പി. | 01.04.16മുതൽ 31.03.17 വരെ |

**ഉള്ളടക്കം**

| ക്രമ നം. | ഭാഗം 1 പൊതു അവലോകനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക ധനകാര്യപത്രിക അപാകതകൾ | 1-12 |
| ഭാഗം 2 | | |
| 13 | വസ്തുനികുതി കുറവായി ഈടാക്കിയത് നഷ്ടം | 2-1 |
| 14 | ഗാർഹികാവശ്യത്തിന് നികുതി നിർണയിച്ച കെട്ടിടങ്ങൾ വാണിജ്യാവശ്യത്തിന് ഉപയോഗിക്കുന്നു. | 2-2 |

| | | |
|---|---|---|
| 15 | മൊബൈൽ ടവർ വസ്തുനികുതി ഈടാക്കുന്നില്ല | 2-3 |
| 16 | വാടക കുടിശ്ശിക ഈടാക്കിയിട്ടില്ല | 2-4 |
| 17 | വസ്തുനികുതി കുടിശിക സംബന്ധിച്ച് | 2-5 |
| ഭാഗം 3 | | |
| 18 | തെരുവ് വിളക്കുകളുടെ പരിപാലനം | 3-1 |
| 19 | ഐ. എ.വൈ. പഞ്ചായത്ത് വിഹിതം അടയ്ക്കൽ - അപാകതകൾ - ചെലവ് തടസ്സം-₹621500/- | 3-2 |
| 20 | അസി.എഞ്ചിനീയറുടെ പേരിലുള്ള സേവിംഗ്സ് ബാങ്ക് അക്കൗണ്ട്- കാലികമാക്കിയിട്ടില്ല | 3-3 |
| ഭാഗം 4 | | |
| 21 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 22 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 23 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 24 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 25 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 26 | ഓഡിറ്റ് റിക്കവറി | 4-6 |
| 27 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 28 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 29 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-9 |
| 30 | ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം-1 |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-2017 വർഷത്തെ ബജറ്റ് 15.03.2016 തീയതിയിലെ 2-ാം തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരം ₹91750857/- വരവും ₹90947500/- ചെലവും ₹803357/- നീക്കിയിരിപ്പും പ്രതീക്ഷിച്ചിരുന്നു.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2017 | 19-05-2017 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

ഓഡിറ്റ് സാക്ഷ്യപത്രം അനുബന്ധം 1 ആയി നൽകിയിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | ₹ 7842552-00 |
| വരവ് | ₹ 40785688-00 |
| ആകെ | ₹ 48628240-00 |
| ചെലവ് | ₹ 38931243-00 |
| നീക്കിയിരിപ്പ് | ₹ 9696997-00 |

## 1-5 ഫണ്ട് വിനിയോഗം(അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | തൻവർഷ വരവ് | ചെലവ് | ചെലവഴിക്കാത്ത തുക | ചെലവ് ശതമാനം |
|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 8910764 | 6787949 | 2122815 | 76.17 |
| വികസനഫണ്ട് എസ്.സി.പി. | 1965612 | 1200874 | 764738 | 61.09 |
| വികസനഫണ്ട് ടി.എസ്.പി. | 1470177 | 1194558 | 275619 | 81.25 |
| സംരക്ഷണഗ്രാന്റ് റോഡ് | 5839593 | 3250501 | 2589092 | 55.66 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 2554755 | 2303120 | 251635 | 90.15 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 4997468 | 3027941 | 1969527 | 60.58 |
| പെർഫോമൻസ് ഗ്രാന്റ് കേന്ദ്ര വിഹിതം | 1942670 | 1465670 | 477000 | 75.44 |
| എം.എൻ.ആർ.ഇ.ജി.എസ്. | 1660065 | 1351352 | 308713 | 81.40 |
| പെർഫോമൻസ് ഗ്രാന്റ് സംസ്ഥാന വിഹിതം | 687814 | 0 | 687814 | 0 |
| ബി ഫണ്ട് | 15662830 | 15662830 | | 100 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 118 | 36795428 | 77 | 20319008 | 33 | 8 | 65.25 |

നടപ്പാക്കാത്ത പ്രോജക്ടുകൾ

| ക്രമ നം | പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് |
|---|---|---|
| 1 | 17/16-17 | 13-ാം വാർഡ് അങ്കണവാടി അറ്റകുറ്റപ്പണി |
| 2 | 114/16-17 | തെരുവ് നായ വന്ധ്യംകരണം |
| 3 | 53/16-17 | ഷീപാഡ് |
| 4 | 55/16-17 | വൃദ്ധസദനം അറ്റകുറ്റപ്പണി |
| 5 | 116/16-17 | പ്ലാസ്റ്റിക്ക് വിമുക്തപഞ്ചായത്ത് |
| 6 | 117/16-17 | മണ്ണിര കംബോസ്റ്റ് യൂണിറ്റ് |
| 7 | 42/16-17 | വനിതകൾക്ക് ഓട്ടോറിക്ഷ എസ്.സി.പി |

| | | |
|---|---|---|
| 8 | 136/16-17 | വനിതകൾക്ക് ഓട്ടോറിക്ഷ റ്റി.എസ്.പി |

അസിസ്റ്റന്റ് എഞ്ചിനിയർക്ക് 60 പ്രോജക്ടുകളാണ് ഉണ്ടായിരുന്നത് ആയതിൽ 44 എണ്ണം നടപ്പിലാക്കിയെങ്കിലും ആകെ വകയിരുത്തിയ തുകയുടെ 51.51% മാത്രമാണ് ചെലവു വന്നത്. വി.ഇ.ഒ ക്ക് 12 പ്രോജക്ടുകളാണ് ഉണ്ടായിരുന്നത് ആയതിൽ 10 എണ്ണം നടപ്പിലാക്കിയെങ്കിലും ആകെ വകയിരുത്തിയ തുകയുടെ 52.62% മാത്രമാണ് ചെലവു വന്നത്. വികസനത്തിന് വേണ്ടി ലഭ്യമാകുന്ന തുക പൂർണമായും ചെലവഴിക്കുന്നതിന് ഭരണസമിതിയുടെ ശ്രദ്ധ ഉണ്ടാകേണ്ടതാണ്.

## 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 55.80 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 1619622 | 2807425 | 1187803 | (+)73.33 |
| നികുതിയേതര വരവുകൾ | 269918 | 309881 | 39963 | (+)14.80 |
| മറ്റുവരവുകൾ | 235986 | 194473 | (-)41513 | (-)17.59 |
| ആകെ | 2125526 | 3311779 | 1186253 | (+)55.80 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 7800 | 4 |
| കർഷകതൊഴിലാളി പെൻഷൻ | 1616100 | 182 |
| വിധവാപെൻഷൻ | 3327500 | 327 |
| വാർദ്ധക്യകാലപെൻഷൻ | 8600890 | 710 |
| വികലാംഗപെൻഷൻ | 2000540 | 192 |
| 50 വയസ്സുകഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 88800 | 10 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 30000 | 1 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 05.06.2017 ന് സ്ഥാപനതലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. ₹5678/- ക്യാഷ് ബാലൻസിന്റെ/ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

രജിസ്റ്ററുകളുടെയും ഫയലുകളുടെയും പരിപാലനം

രജിസ്റ്ററുകളും ഫയലുകളും കൃത്യമായി സൂക്ഷിക്കുന്നതിൽ ശ്രദ്ധിക്കുന്നുണ്ട്. ഓരോയിനത്തിലെ ഫയലുകളും ബന്ധപ്പെട്ട

രജിസ്റ്ററുകളും പ്രത്യേകമായി സൂക്ഷിച്ചിട്ടുണ്ട്. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. എന്നാൽ സാംഖ്യ നടപ്പിലാക്കിയതിനു ശേഷമുള്ള ആസ്തികൾ ടി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ഓഫീസ് പ്രവർത്തനങ്ങൾ

പഞ്ചായത്തിലെ ഫ്രണ്ട് ഓഫീസ് സംവിധാനം ജനങ്ങൾക്ക് ഉപകാരപ്രദമായ രീതിയിൽ സേവനം നൽകി വരുന്നു. ഓഫീസ് ഉത്തരവ് പ്രകാരം ജീവനക്കാരുടെ ജോലികൾ ക്രമീകരിച്ചിട്ടുണ്ട്. ഇ-പേയ്മെന്റ്, സകർമ്മ മുതലായവ നടപ്പിലാക്കിയിട്ടുണ്ട്. കാര്യക്ഷമമായ രീതിയിലുള്ള പ്രവർത്തനങ്ങൾ നടത്തപ്പെടുന്നു.

ഗ്രാമസഭ/വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങൾ

ഓഡിറ്റ് വർഷം 13 വാർഡുകളിലും യഥാസമയം 4 വീതം ഗ്രാമസഭകൾ ചേർന്നിട്ടുണ്ട്. പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ടുള്ള വിവിധ മേഖലകളിലെ വർക്കിംഗ് ഗ്രൂപ്പുകളും സമ്മേളിച്ചിട്ടുണ്ട്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 28-04-2017 | 02/2017 & 03/2017 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 20-02-2016 | 2010-11 മുതൽ 2014-15വരെ | 12-04-2016 |

## 1-12 വാർഷിക കണക്ക് പരിശോധന

1. 50 വയസ്സിനുമുകളിൽ പ്രായമായ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ ഇനത്തിൽ തൻവർഷം ₹88800/- ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഈ തുക വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. ഇത് ക്രമീകരിക്കേണ്ടതാണ്.

2. ബാലൻസ് ഷീറ്റിൽ ഷെഡ്യൂൾ B-17-ൽ എസ്.ബി.റ്റി. പ്ലാൻ സസ്പെൻസ് അക്കൗണ്ടിൽ ₹23,26,666/- നീക്കിയിരിപ്പുള്ളതായി കാണിച്ചിട്ടുണ്ട്. ഈ തുക ഉചിതമായ തീരുമാനങ്ങളെടുത്ത് സർക്കാരിലേയ്ക്ക് തിരിച്ചടയ്ക്കേണ്ടതാണ്. മുൻവർഷ റിപ്പോർട്ടിൽ ഇത് പരാമർശിച്ചിരുന്നെങ്കിലും നടപടിയെടുത്തിട്ടില്ല.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വസ്തു നികുതി കുറവായി ഈടാക്കി-നഷ്ടം ₹40825

2016-17 വർഷത്തെ വസ്തു നികുതി നിർണ്ണയ പത്രികകൾ പ്രകാരം താഴെ പറയുന്ന കെട്ടിടങ്ങൾക്ക് അടിസ്ഥാന വസ്തു നികുതി നിർണ്ണയിച്ചതിൽ കറവ് വന്നതായി കാണുന്നു. വിശദ വിവരം ചുവടെ ചേർക്കുന്നു.

പഞ്ചായത്ത് കമ്മറ്റി അംഗീകരിച്ച നിരക്കുകൾ

| | |
|---|---|
| വാണിജ്യം(100 ച.മീ.വരെ) | ₹55 |
| വാണിജ്യം(100 ച.മീ.മുകളിൽ) | ₹70 |
| റിസോർട്ടുകൾ | ₹90 |
| പാർപ്പിടം | ₹7 |

| ക്രമ നം | കെട്ടിട/ വാർഡ് നം | ഉടമസ്ഥന്റെ പേര് | വിസ്തീർണ്ണം | കെട്ടിടത്തിന്റെ കാലപ്പഴക്കം/ വർഷം | കെട്ടിടത്തിന്റെ വിവരം | ഈടാക്കിയ നികുതി ₹ | ഈടാക്കേണ്ട നികുതി ₹ | കുറവ് ₹ |
|---|---|---|---|---|---|---|---|---|
| 1 | 3/360D | ജെനീഷ് | 103.33 | പുതിയത് 0 വർഷം | വാണിജ്യം (100 ച.മീ. മുകളിൽ) | 868 | 7233 | 6365 |
| 2 | 3/373 | ഷാജൻ ജോസഫ് | 343 | 1 | പാർപ്പിടം | 1613 | 2401 | 788 |
| 3 | 12/182 | റ്റി.വി.സ്കറിയ | 20 | 1 | വാണിജ്യം | 152 | 1100 | 948 |
| 4 | 12/183 | റ്റി.വി.സ്കറിയ | 20 | 1 | വാണിജ്യം | 302 | 1100 | 798 |
| 5 | 12/228 | സെബാസ്റ്റ്യൻ സേവ്യർ | 40 | പുതിയ കെട്ടിടം 0 വർഷം | വാണിജ്യം | 504 | | |
| | A | " | 64 | " | വാണിജ്യം | 4013 | | |
| | B | " | 21 | " | വാണിജ്യം | 1317 | | |
| | C | " | 47 | " | വാണിജ്യം | 2947 | | |
| | D | " | 16 | " | വാണിജ്യം | 1004 | | |
| | E | " | 16 | " | വാണിജ്യം | 1004 | | |
| | F | " | 82 | " | വാണിജ്യം | 689 | | |
| | ആകെ | | 286 | | | 11478 | 20020 | 8542 |
| 6 | 2/240 A | സുബ്രമണിയൺ | 20 | 1 | വാണിജ്യം | 570 | 1100 | 530 |
| 7 | 2/241 | " | 20 | 1 | വാണിജ്യം | 570 | 1100 | 530 |
| 8 | 2/241A | " | 20 | 1 | വാണിജ്യം | 570 | 1100 | 530 |
| 9 | 4/47 | ലിസ്സി | 155 | 3 | വാണിജ്യം | 743 | 10850 | 10107 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 10 | 4/192 | കാർത്തിയാനി | 110 | 1 | പാർപ്പിടം | 693 | 770 | 77 |
| 11 | 4/212 | ജയകുമാർ | 180 | 1 | വാണിജ്യം | 1440 | 12600 | 11160 |
| 12 | 4/274 A | പി.പി.ജോൺ | 18 | 2 | വാണിജ്യം | 540 | 990 | 450 |
| | | ആകെ | | | | | | 40825 |

ഓഡിറ്റ് എൻക്വയറിക്ക് സെക്രട്ടറി നൽകിയ മറുപടി പരിഗണിച്ചതിന് ശേഷമുള്ള വിവരങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. നികുതി കൃത്യമായി നിർണ്ണയിച്ച് കാലഹരണപ്പെട്ട് പോകാതെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ ബാധ്യതയായി പരിഗണിക്കുന്നതാണ്.

## 2-2 ഗാർഹീകാവശ്യത്തിനായി നികുതി നിർണ്ണയിച്ച കെട്ടിടങ്ങൾ വാണിജ്യാവശ്യത്തിന് ഉപയോഗിക്കുന്നു

തൻവർഷത്തെ ഡി ആന്റ് ഓ ട്രേഡ് ലൈസൻസ് അപേക്ഷകളിൽ നിന്ന് ലഭ്യമായ ഏതാനം കെട്ടിട നമ്പരുകൾ നികുതി നിർണ്ണയ രജിസ്റ്റർ അടിസ്ഥാനമാക്കി പരിശോധിച്ചതിൽ, ഗാർഹീകാവശ്യത്തിനായി നികുതി നിർണ്ണയിച്ച കെട്ടിടങ്ങൾ വാണിജ്യാവശ്യത്തിന് ഉപയോഗിക്കുന്നതായി കണ്ടെത്തി.ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| അപേക്ഷകന്റെ പേര് | കെട്ടിട നമ്പർ | കെട്ടിട വിസ്തീർണ്ണം (ച.മീ.) | നിലവിലെ ഉപയോഗം | വസ്തു നികുതി നിരക്ക് (1 ച.മീ-ന്) | | അടിസ്ഥാന വസ്തു നികുതി | | കുറവ് |
|---|---|---|---|---|---|---|---|---|
| | | | | ഈടാക്കേണ്ടത് * | ഈടാക്കിയത് | ഈടാക്കേണ്ടത് | ഈടാക്കിയത് | |
| റോസി മാർഗരറ്റ് | 3/251 | 66 | ഹോംസ്റ്റേ | 40 | 7 | 2640 | 432 | 2208 |
| കുര്യൻ | 13/50A | 147 | സർവീസ് വില്ല | 40 | 7 | 5880 | 2077 | 3803 |
| ബോണി കെ.എം | 1/12 | 55 | തയ്യൽക്കട | 55 | 7 | 3025 | 130 | 2895 |
| ശ്രീധരൻ പി.കെ | 7/253 | 53 | പലചരക്ക് കട | 55 | 7 | 2915 | 324 | 2591 |
| ജയ്മോൻ | 4/299 | 35 | കീടനാശിനി വ്യാപാരം | 55 | 7 | 1925 | 221 | 1704 |
| ജയ്മോൻ | 4/300 | 30 | കീടനാശിനി വ്യാപാരം | 55 | 7 | 1650 | 22 | 1628 |
| പീറ്റർ | 5/288 | 52 | പലചരക്ക് കട | 55 | 7 | 2860 | 364 | 2496 |
| ബാപ്പൂജി ടി.വി. | 13/108 | 220 | ഹോംസ്റ്റേ | 40 | 7 | 8800 | 4185 | 4615 |
| ഗോപാലകൃഷ്ണൻ | 2/373 | 128 | ഹോംസ്റ്റേ | 40 | 7 | 5120 | 1944 | 3176 |
| | | | | | | | ആകെ | 25116 |

ആകെയുള്ള 118 അപേക്ഷകളിൽ ഏതാനും അപേക്ഷകൾ മാത്രം പരിശോധിച്ചതിൽ കണ്ടെത്തിയ വ്യത്യാസമാണ് മുകളിൽ കൊടുത്തിരിക്കുന്നത്. ആയതിനാൽ എല്ലാ അപേക്ഷകളിലെയും കെട്ടിട നമ്പർ, നികുതി നിർണയ രജിസ്റ്റർ അടിസ്ഥാനമാക്കി വസ്തു നികുതി നിർണ്ണയത്തിന്റെ നിജസ്ഥിതി പരിശോധിച്ച് ബാധകമായ നിരക്കിൽ പുനർനിർണയിച്ച് (സൂചിത തുകയുൾപ്പെടെ) ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-3 മൊബൈൽ ടവർ-വസ്തു നികുതി ഈടാക്കുന്നില്ല

പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന താഴെപ്പറയുന്ന മൊബൈൽ ടവറുകളിൽ നിന്നും 2013-2014 വർഷം മുതൽ വസ്തുനികുതി ഈടാക്കുന്നില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | വാർഡ്/കെട്ടിട നം | സ്ഥാപനം | തറ വിസ്തീർണ്ണം | വർഷം | നികുതി ₹ |
|---|---|---|---|---|---|
| 1 | 4/487 A | ഐഡിയ മൊബൈൽ | 23.66 | 2013-14 | 30870 |
| | | | | 2014-15 | 30870 |
| | | | | 2015-16 | 30870 |
| | | | | 2016-17 | 30870 |
| | ആകെ | | | | 123480 |
| 2 | 3/180 | ഇൻഡസ് ടവർ ലിമിറ്റഡ് | 16.56 | 2013-14 | 14438 |
| | | | | 2014-15 | 14438 |
| | | | | 2015-16 | 14438 |
| | | | | 2016-17 | 14438 |
| | ആകെ | | | | 57752 |
| 3 | 13/43 | ഇൻഡസ് ടവർ ലിമിറ്റഡ് | 16.56 | 2013-14 | 30870 |
| | | | | 2014-15 | 30870 |
| | | | | 2015-16 | 30870 |
| | | | | 2016-17 | 30870 |
| | ആകെ | | | | 123480 |
| 4 | 4/490 | ഭാരതി ഇൻഫ്രാടെൽ ലിമിറ്റഡ് | 15.54 | 2013-14 | 30870 |
| | | | | 2014-15 | 30870 |
| | | | | 2015-16 | 30870 |
| | | | | 2016-17 | 30870 |

| | | | | | |
|---|---|---|---|---|---|
| | ആകെ | | | | 123480 |
| 5 | 4/152 | ഭാരതി ഇൻഫ്രാടെൽ ലിമിറ്റഡ് | 15.54 | 2013-14 | 30713 |
| | | | | 2014-15 | 30713 |
| | | | | 2015-16 | 30713 |
| | | | | 2016-17 | 30713 |
| | ആകെ | | | | 122852 |
| 6 | 6/377A | ഭാരതി ഇൻഫ്രാടെൽ ലിമിറ്റഡ് | 15.54 | 2013-14 | 28298 |
| | | | | 2014-15 | 28298 |
| | | | | 2015-16 | 28298 |
| | | | | 2016-17 | 28298 |
| | ആകെ 113192 | | | | |
| | ഒട്ടാകെ 6,64,236 | | | | |
| 7 | പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്നBSNL (16ച.മീ)മൊബൈൽ ടവറിന്റെ വിവരം ലഭ്യമല്ല. | | | | |

ക്രമ നം. 2,4,5,6 എന്നീ മൊബൈൽ ടവറുകളുടെ തറ വിസ്തീർണ്ണം കൃത്യമായി നിശ്ചയിച്ച് കെട്ടിട നികുതി ഡിമാന്റ് ചെയ്യേണ്ടതും ഈടാക്കുവാൻ അവശേഷിക്കുന്ന വസ്തു നികുതി കാലഹരണപ്പെട്ട് പോകാതെ മൊബൈൽ ടവറുകളുടെ ഉടമസ്ഥരിൽ നിന്നും ഈടാക്കി റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

## 2-4 വാടക കുടിശ്ശിക ഈടാക്കിയിട്ടില്ല

പഞ്ചായത്ത് വക ഷോപ്പിംഗ് കോംപ്ലക്സിൽ താഴെ പറയുന്ന കടമുറികളിൽ നിന്നും വാടക കുടിശ്ശിക ഈടാക്കിയിട്ടില്ല.

| കടമുറി നം. | പേര് | കുടിശ്ശിക തുക | കാലയളവ് |
|---|---|---|---|
| 2 | ബെണ്ണി | 3900 | ₹3900 വീതം 03/2017 ലേത് |
| 4 | ടോജൻ | 6600 | ₹2200 വീതം 1/17, 2/17, 3/17 എന്നീ മാസങ്ങളിലേത് |
| 5 | ടോജൻ | 7500 | ₹2500 വീതം 1/17, 2/17, 3/17 എന്നീ മാസങ്ങളിലേത് |

| | | | |
|---|---|---|---|
| | ആകെ | 18000 | |

കുടിശ്ശിക തുക ഈടാക്കുന്നതിന് റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിലും നാളിതുവരെ അടവാക്കിയിട്ടില്ല. തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 2-5 വസ്തുനികുതിയിൽ വൻ കുടിശ്ശിക

2016-17 വാർഷിക ധനകാര്യ പത്രിക പ്രകാരം തൻവർഷത്തെ ₹1453218/-യും മുൻവർഷങ്ങളിലെ കുടിശ്ശിക ₹2130683/-യും ഉൾപ്പെടെ ₹3583901/- വസ്തുനികുതിയിനത്തിൽ പിരിച്ചെടുക്കുവാൻ അവശേഷിക്കുന്നു. നികുതി കാലഹരണപ്പെട്ട് പോകാതെ പിരിച്ചെടുത്ത് വിവരം അറിയിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 തെരുവ് വിളക്കുകളുടെ പരിപാലനം

തെരുവുവിളക്കുകളുടെ വൈദ്യുതി ചാർജിനത്തിൽ തൻവർഷം 4/16 മാസം മുതൽ 3/17 വരെ ₹20391/-നിരക്കിൽ ₹244692/-കെ.എസ്.ഇ.ബി.യിൽ അടച്ചിട്ടുണ്ട്. എന്നാൽ പ്രവർത്തനക്ഷമമായ വിളക്കുകളുടെ എണ്ണവും തരവും കൃത്യമായി നിർണ്ണയിക്കുന്നതിന് കെ.എസ്.ഇ.ബിയും പഞ്ചായത്തും സംയുക്ത പരിശോധന നടത്തുന്നില്ല. കൂടാതെ സ്ഥാപിക്കപ്പെട്ട ഉപകരണങ്ങളുടെ ഇനം, എണ്ണം തുടങ്ങിയ വിശദാംശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള രജിസ്റ്റർ പരിപാലിക്കുന്നില്ല. 12.03.2013-ലെ 65529/ഡി.സി3/12 ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം എല്ലാ തദ്ദേശഭരണസ്ഥാപനങ്ങളും മീറ്ററിംഗ് സംവിധാനത്തോട് കൂടിയ ഓട്ടോമാറ്റിക് തെരുവ് വിളക്കുകൾ സ്ഥാപിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ടെങ്കിലും ആയത് നടപ്പിലാക്കിയിട്ടില്ല. മീറ്റർ സ്ഥാപിക്കുന്നതിനായുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-2 ഐ. എ.വൈ. പഞ്ചായത്ത് വിഹിതം അടയ്ക്കൽ - അപാകതകൾ - ചെലവ് തടസ്സം- ₹621500/-

വി.ഇ.ഒ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ ഐ.എ.വൈ. പഞ്ചായത്ത് വിഹിതം അടയ്ക്കൽ എന്ന പ്രോജക്ട് പ്രകാരം ഗ്രാമപഞ്ചായത്ത് വിഹിതമായി, താഴെപ്പറയുന്ന തുകകൾ അടയ്ക്കുന്നതിന് അടിമാലി ബ്ലോക്ക് ഡവലപ്പ്മെന്റ് ഓഫീസറുടെ 24.12.16-ലെ D/704/16 കത്തിൽ ആവശ്യപ്പെട്ടിരുന്നു. എന്നാൽ വ്യത്യസ്ഥമായ തുകയാണ് ഒടുക്കിയിരിക്കുന്നത്.

വിശദവിവരം ചുവടെ ചേർക്കുന്നു.

| പദ്ധതി | കത്ത് പ്രകാരമുള്ള തുക | ഒടുക്കിയത് | വ്യത്യാസം |
|---|---|---|---|
| ഐ. എ. വൈ. വിഹിതം അടയ്ക്കൽ (ജനറൽ) S059/17 | 100000/- | 20000/- (ബിൽ നം.9/16-17/ 31.3.17) | (-)80000/- |
| ഐ. എ. വൈ. വിഹിതം അടയ്ക്കൽ | 140000/- | 200000/- | (+)60000/- |

| | | | |
|---|---|---|---|
| (SCP) S061/17 | | (ബിൽ നം.10/16-17/ 31.3.17) | |
| ഐ. എ. വൈ. വിഹിതം അടയ്ക്കൽ (TSP) S062/17 | 942500/- | 401500/- (ബിൽ നം.11/16-17/ 31.3.17) | (+)541000/- |
| | ആകെ ഒടുക്കിയത് | 621500/- | |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.4) നൽകിയ മറുപടിയിൽ പി.എം.എ.വൈ (ജി)യുടെ വെബ്സൈറ്റിൽ ഗുണഭോക്താക്കളുടെ എണ്ണത്തിൽ വന്ന മാറ്റമനുസരിച്ചും, എസ്. സി/എസ്.റ്റി വിഭാഗങ്ങൾക്ക് 2015-16 വർഷത്തെ അധികഫണ്ട് വിഹിതവും ചേർത്താണ് തുക നൽകിയതെന്ന് വി.ഇ.ഒ. അറിയിച്ചിട്ടുണ്ട്. എന്നാൽ ബ്ലോക്ക് ഡവലപ്പ്മെന്റ് ഓഫീസറുടെ ഔദ്യോഗീക അറിയിപ്പില്ലാതെയാണ് തുകകൾ നൽകിയിട്ടുള്ളതെന്ന് കാണുന്നു. കൂടാതെ, പ്രസ്തുത തുകകളുടെ കൈപ്പറ്റ്, വിനിയോഗ സാക്ഷ്യപത്രം എന്നിവയും പരിശോധനയക്ക് ലഭ്യമായിട്ടില്ല. രേഖകളുടെ അഭാവത്തിൽ ₹6,21,500/- ന്റെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-3 അസി. എഞ്ചിനീയറുടെ പേരിലുള്ള സേവിംഗ്സ് ബാങ്ക് അക്കൗണ്ട്- കാലികമാക്കിയിട്ടില്ല

വികസന ഫണ്ട് ഇടപാടുകൾക്കായി അസി. എഞ്ചിനീയറുടെ പേരിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ രാജകുമാരി ശാഖയിലുള്ള സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ(67055141893), 03-10-2016-ൽ, ₹126088/- നീക്കിയിരിപ്പുള്ളതായി പാസ്ബുക്കിൽ കാണുന്നു. ടി തീയതിക്കുശേഷം ഇടപാടുകൾ നടത്തിയതായി പാസ്സ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. പാസ്സ് ബുക്ക് കാലികമായി പതിച്ച് ലഭ്യമാക്കാത്തതിനാൽ പ്രസ്തുത അക്കൗണ്ടിലൂടെയുള്ള നാളിതുവരെയുള്ള ഇടപാടുകളുടെ കൃത്യത പരിശോധിക്കാനായില്ല.

പാസ്സ്ബുക്ക് കാലികമാക്കി ബന്ധപ്പെട്ട രേഖകൾ സഹിതം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് ₹850000/- നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | കൺവീനറുടെ പേര് | പ്രവൃത്തിയുടെ പേര് | ബിൽ/വൗച്ചർ നം/ചെക്ക് നം | തുക | അഡ്ജസ്റ്റ് ചെയ്തത് | ബാക്കി |
|---|---|---|---|---|---|---|
| 1 | ക്ലൈസൺ | ഉപ്പാർ ടീ കമ്പനി റോഡ് അറ്റകുറ്റപ്പണി | 21600807 | 100000 | ഇല്ല | 100000 |
| 2 | കുര്യാക്കോസ് | ഇരുപതേക്കർ ഒറ്റമരം റോഡ് അറ്റകുറ്റപ്പണി | 21600808 | 100000 | ഇല്ല | 100000 |

| | | | | | | |
|---|---|---|---|---|---|---|
| 3 | ജോബി എൻ ജോസഫ് | ടീ കമ്പനി നാല്പത് ഏക്കർറോഡ് അറ്റകുറ്റപ്പണി | 21600804 | 100000 | ഇല്ല | 100000 |
| 4 | ജോബി എൻ ജോസഫ് | സൈറ്റിമേട് പോസ്റ്റ് ഓഫീസ് പടി റോഡ് | 21600809 | 100000 | ഇല്ല | 100000 |
| 5 | കുര്യാക്കോസ് | ഒറ്റമരം ഇരുപതേക്കർ റോഡ് നവീകരണം | 21600803 | 100000 | ഇല്ല | 100000 |
| 6 | കെെൾസൺ | പൊട്ടൻകാട് ഏഴേലിപ്പടി റോഡ് ടാറിംഗ് | 21600806 | 75000 | ഇല്ല | 75000 |
| 7 | ജോബി എൻ ജോസഫ് | കൊച്ചുപ്പ് മഞ്ഞപ്പള്ളിക്കട റോഡ് ടാറിംഗ് രണ്ടാംഘട്ടം | 21600802 | 100000 | ഇല്ല | 100000 |
| 8 | ജോബി എൻ ജോസഫ് | ടീ കമ്പനി നാല്പത് ഏക്കർറോഡ് പുനരുദ്ധാരണം | 21600799 | 100000 | ഇല്ല | 100000 |
| 9 | ജോബി എൻ ജോസഫ് | നാല്പത് ഏക്കർ കുരങ്ങുപാറ റോഡ് ടാറിംഗ് | 21600800 | 75000 | ഇല്ല | 75000 |
| | | | ആകെ | 850000 | | 850000 |

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി യുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവനപദ്ധതി | സ.ഉ.(സാധ) 1019/2010 /ത.സ്വ.ഭ.വ തീ.25-03-2009 | 10184944 | 4073974 | 1018500 | - | 3055474 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | ₹40785688 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | ₹38931243 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ₹40825 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | ₹621500 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 40825 | | ശ്രീ.സുരേന്ദ്രൻ നായർ,സെക്രട്ടറി |
| | | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 621500 | ശ്രീ റിക്സൺ ജോർജ്, വി.ഇ.ഒ. |
| | 621500 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

2-2

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.സുരേന്ദ്രൻ നായർ,സെക്രട്ടറി | സെക്രട്ടറി,ബൈസൺവാലി ഗ്രാമപഞ്ചായത്ത് | പൂംതോട്ടത്തിൽ, തങ്കമണി,ഇടുക്കി |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1996-97 | എൽ.എഫ്.ഐ-5/666/1997/18.10.1997 | |
| 1997-98 | എൽ.എഫ്.ഐ-8/26/1999/27.09.1999 | |
| 1998-99 | എൽ.എഫ്.ഐ-8/412/2000/18.10.2000 | |
| 1999-00 | എൽ.എഫ്.ഐ-8/106/2001/22.03.2001 | |
| 2000-01 | എൽ.എഫ്.ഐ-8/556/2002/13.11.2002 | |
| 2001-02 | എൽ.എഫ്.ഐ-8/659/2003/06.04.2004 | |
| 2002-03 | എൽ.എഫ്.ഐ-8/368/2005/05.09.2005 | |
| 2003-04 | എൽ.എഫ്.ഐ-7/380/2007/07.06.2007 | |
| 2004-05 | എൽ.എഫ്.ഐ-7/921/2007/12.05.2008 | |
| 2005-06 | എൽ.എഫ്.ഐ-7/922/2007/12.05.2008 | |
| 2006-07 | എൽ.എഫ്.ഐ-7/717/2008/11.12.2008 | |
| 2007-08 | എൽ.എഫ്.ഐ-7/449/2009/22.05.2010 | |
| 2008-09 | എൽ.എഫ്.ഐ-11/1099/2010/22.01.2011 | |
| 2009-10 | എൽ.എഫ്.ഐ-11/943/2011/27.10.2011 | |
| 2010-11<br>2011-12 | എൽ.എഫ്.ഐ-11/462/2013/09.09.2013 | |
| 2012-13<br>2013-14 | എൽ.എഫ്.ഐ-11/328/2014/03.03.2015 | |
| 2014-15 | കെ.എസ്.എ.ഐ.ഡി.കെ.-11/926/2016/18.07.2016 | |
| 2015-16 | കെ.എസ്.എ.ഐ.ഡി.കെ.11/1371/2016/17.10.16 | |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ്

## അനുബന്ധം 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ-ഐ.ഡി.കെ-11/ 734/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി, തൊടുപുഴ
തീയതി: 14.06.2017

1994-ലെ കേരള ലോക്കൽഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215 -ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും ഇടുക്കി ജില്ലയിലെ ബൈസൺവാലി ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റുമെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ബൈസൺവാലി ഗ്രാമപഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യപത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

KSAIDK/ 11/734/2017

Kerala State Audit Department
District Audit Office
Idukki, Thodupuzha
Dated : 14.06.2017

## AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Bysonvally Grama Panchayat in Idukki District for the year ended on 31.3.2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994 ,the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Bysonvally Grama Panchayat for the year 2016-17 expect the observations in my Audit Report properly presents the picture of Income & Expenditure.

DEPUTY DIRECTOR
IDUKKI